ഉത്തരം

(എ) നിലവിലുണ്ട്.

(ബി) 275 പേർക്കു നിയമനം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 3-7-99-ലെ ജി.ഒ.(പി)28/99/സാ.ക്ഷേ.വ പ്രകാരം സൂപ്പർവൈസർ തസ്തികയിൽ 3-7-99 ന് ശേഷമുണ്ടാകുന്ന ഒഴിവുകൾക്ക് 2:1:1 എന്ന നിഷ്യാമിൽ നേരിട്ട് നിയമനത്തിലുള്ള ഉദ്യോഗാർത്ഥികൾക്കും അംഗനവാടി വർക്കർമാരിൽ നിന്നും നേരിട്ടുള്ള നിയമനത്തിനും മറ്റ് ഫീഡർ കാറ്റഗറികളിൽ നിന്നുള്ള പ്രൊമോഷനുമായി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ആദ്യത്തെ ഒഴിവ് ഫീഡർ കാറ്റഗറിയിൽ നിന്നുള്ള പ്രൊമോഷനും രണ്ടാമത്തെ ഒഴിവ് അംഗനവാടി വർക്കർമാരിൽ നിന്നുള്ള നേരിട്ടുള്ള നിയമനത്തിനു വേണ്ടിയും മൂന്നാമത്തെയും നാലാമത്തെയും ഒഴിവുകൾ ജനറൽ ഉദ്യോഗാർത്ഥികൾക്കു വേണ്ടിയും സംവരണം ചെയ്തിട്ടുണ്ട്. അംഗനവാടി വർക്കർമാരിൽ നിന്നും നേരിട്ടുള്ള നിയമനത്തിന് പത്ത് വർഷത്തെ സേവന പരിചയം ആവശ്യമാണ്. ഉയർന്ന പ്രായപരിധി 50 വയസ്സാണ്.

(ഇ) ഐ.സി.ഡി.എസ്. പ്രോജക്ടുകൾ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് നിലവിലുള്ള ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു വരുന്നു. ഇപ്പോൾ 142 ഒഴിവുകൾ ജനറൽ ഉദ്യോഗാർത്ഥികൾക്കു വേണ്ടിയും 76 ഒഴിവുകൾ അംഗൻവാടി വർക്കർമാരിൽ നിന്നുള്ള നേരിട്ടുള്ള നിയമനത്തിന് വേണ്ടിയും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിലെ സൂപ്പർവൈസർ ഒഴിവുകൾ

41 (614) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ സൂപ്പർവൈസർമാരെ തെരഞ്ഞെടുക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്നു വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച സൂപ്പർവൈസർമാർ ജോലിനോക്കുന്നുണ്ടോ ; എങ്കിൽ എത്ര പേർ ജോലി നോക്കുന്നു ; ഇവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സൂപ്പർവൈസർമ്മാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ; ഈ ഒഴിവുകൾ നികത്തുന്നതിന് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാറടിസ്ഥാനത്തിൽ മുമ്പ് സൂപ്പർവൈസർമാരായി ജോലി നോക്കിയിരുന്ന 67 അംഗൻവാടി വർക്കർമാർക്ക് സൂപ്പർവൈസർമാരായി കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ഇവരുടെ നിയമനം തികച്ചും താൽക്കാലികവും ഒരു വർഷത്തേക്കോ, പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികൾ വരുന്നതു വരെയോ, ഏതാണോ ആദ്യം അതുവരെ എന്ന വ്യവസ്ഥയിലാണ്. അംഗൻവാടി വർക്കർമാർക്ക് സംവരണം ചെയ്ത സൂപ്പർവൈസർ തസ്തികയിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ഇപ്പോൾ 383 ഒഴിവുകൾ ഉണ്ട്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഐ.സി.ഡിഎസ്. സൂപ്പർവൈസർ തസ്തികയിലെ നിയമനം

42 (615) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് ഇപ്പോൾ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ കരാർ/ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോ ; എങ്കിൽ അവരുടെ എണ്ണം എത്രയെന്ന് പറയാമോ ;

(സി) ഈ തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിനു ഇപ്പോൾ എന്തെങ്കിലും തടസ്സം ഉണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേൽപ്പറഞ്ഞ തസ്തികകളിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 383

(ബി) ഉണ്ട്. 67

(സി) ഈ തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് തടസ്സം ഇല്ല.

(ഡി) 496 ഒഴിവുകൾ

സാമൂഹ്യക്ഷേമ വകുപ്പിൽ സ്ത്രീകൾക്കായി സംവരണം ചെയ്ത തസ്തികകൾ

43 (616) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly